**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4709** **19-07-2022 - ൽ മറുപടിയ്ക്ക്**

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പാക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വിവിധ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധമായ വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | ഭൂമിയേറ്റെടുക്കൽ പൂർത്തിയാകാത്ത ജില്ലകളിൽ അതിനുവേണ്ട നടപടികൾ വേഗത്തിലാക്കി പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ ശ്രമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**സാംസ്കാരികസമുച്ചയങ്ങൾക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ തൽസ്ഥിതി റിപ്പോർട്ട്**

| **ജില്ല** | **ഭൂമി ഏറ്റെടുക്കലിന്റെ തൽസ്ഥിതി** |
|---|---|
| തിരുവനന്തപുരം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| കൊല്ലം | കൊല്ലം ഈസ്റ്റ് വില്ലേജിൽ നിർമിക്കുന്ന സമുച്ചയം ഉദ്ഘാടനത്തിന് തയ്യാറാകുന്നു. |
| ആലപ്പുഴ | മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ആരോഗ്യവകുപ്പിന്റെ ഭൂമി കണ്ടെത്തിയതിന്റെ കൈമാറ്റ നടപടികൾ പുരോഗമിക്കുന്നു. |
| പത്തനംതിട്ട | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| കോട്ടയം | ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| ഇടുക്കി | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| എറണാകുളം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| തൃശ്ശൂർ | തൃശ്ശൂർ കോർപ്പറേഷൻ ചിയാരം വില്ലേജിൽ കണ്ടെത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. |
| പാലക്കാട് | പാലക്കാട് താലൂക്കിൽ യാക്കര വില്ലേജിൽ നിർമിക്കുന്ന സമുച്ചയത്തിന്റെ എൻട്രൻസ് ബ്ലോക്ക് ഒഴികയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. |
| മലപ്പുറം | ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിലുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| കോഴിക്കോട് | സമുച്ചയത്തിന് വേണ്ടി കണ്ടെത്തിയിട്ടുള്ള, കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിലുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. |
| കണ്ണൂർ | തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ സ്വകാര്യ ഭൂമിയുടെ കൈവശാവകാശം ലഭ്യമായിട്ടുണ്ട്. പാട്യം പഞ്ചായത്തിന്റെ പക്കലുള്ള ഭൂമിയുടെ കൈമാറ്റനടപടികൾ പുരോഗമിക്കുന്നു. |
| വയനാട് | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| കാസറഗോഡ് | ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ നിർമിക്കുന്ന സമുച്ചയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |